(ബി) കേന്ദ്ര വിഹിതം കൂടി കണക്കിലെടുത്താൽ ഉൽപാദന രംഗത്ത് സംസ്ഥാനം ഇപ്പോൾ സ്വയംപര്യാപ്തമാണ്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട്

70 (222) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്നതിനായി എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട് എന്ന ഒരു ഏജൻസി രൂപീകരിച്ചിട്ടുണ്ടോ ; ഇതിന്റെ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവർ ആരെയെല്ലാമാണ് പ്രതിനിധീകരിക്കുന്നത് ;

(സി) ഈ പ്രോജക്ടിന്റെ മാനേജർ ആരാണ് ;

(ഡി) എനർജി ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിന്റെ സ്റ്റിയറിംഗ് കമ്മിറ്റിയുടെ യോഗം 2000 ഏപ്രിൽ മാസത്തിൽ കൂടുകയുണ്ടായോ ;

(ഇ) അതിൽ പ്രോജക്ട് മാനേജർ റിപ്പോർട്ട് അവതരിപ്പിച്ചുവോ ;

(എഫ്) പ്രസ്തുത റിപ്പോർട്ടിൽ ഈ പ്രോജക്ടിന്റെ പ്രവർത്തനത്തെപ്പറ്റി എന്തെല്ലാം പരാമർശമുണ്ട് ;

(ജി) പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ&ബി) ഇൻഡ്യാ, കാനഡ, കേരളം എന്നീ ഗവൺമെന്റുകളും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡും, സംയുക്തമായി ഏർപ്പെട്ടിട്ടുള്ള ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ കനേഡിയൻ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് ഏജൻസി (സിഡാ) യുടെ ധനസഹായത്തോടെ കേരളത്തിലെ പവർ സെക്ടറിലെ വിവിധ പ്രവർത്തനങ്ങളെ സഹായിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് എനർജി ഇൻഫ്രാസ്ട്രക്ചർ സർവ്വീസസ് പ്രോജക്ട്. ഇതിന്റെ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. ചെയർമാൻ, കേരളാ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്.
2. പ്രിൻസിപ്പൽ സെക്രട്ടറി (പവർ)-(കേരള സർക്കാരിന്റെ പ്രതിനിധി)
3. ഇൻഡ്യാ ഗവൺമെന്റിന്റെ ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ പ്രതിനിധി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ഇൻഡ്യാ ഗവൺമെന്റിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ പ്രതിനിധി
5. സിഡായുടെ പ്രോജക്ട് മാനേജർ (കാനഡ).
6. കനേഡിയൻ ഹൈക്കമ്മീഷന്റെ ഫസ്റ്റ് സെക്രട്ടറി (ഡവലപ്മെന്റ്).

(സി) ഡോ.വില്ലി കൊട്ടുഗാ

(ഡി) ഉണ്ടായി.

(ഇ) ഊർജ്ജ രംഗത്തെക്കുറിച്ച് ഒരു "പ്രസന്റേഷൻ" നടത്തുകയുണ്ടായി എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. ഒരു ആധികാരിക റിപ്പോർട്ടായി ബോർഡോ ഗവൺമെന്റോ പ്രസ്തുത പ്രസന്റേഷൻ അംഗീകരിച്ചിട്ടില്ല.

(എഫ്&ജി) പ്രസക്തമല്ല.

വൈദ്യുതി ഉപഭോക്താക്കൾക്കുള്ള അഡീഷണൽ ബിൽ

71 (223) ശ്രീ. എം. എ. കുട്ടപ്പൻ :

ശ്രീ. കെ. സുധാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോട്ട് ബില്ലിംഗ് നടത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി ഉപഭോക്താക്കൾക്ക് ഓരോ ആറുമാസം കൂടുമ്പോഴും കറന്റ് ചാർജിനുള്ള അഡീഷണൽ ബിൽ നൽകാറുണ്ടോ ;

(ബി) റീഡിംഗ് എടുക്കാത്ത കേസുകളിലും ഇപ്രകാരം അഡീഷണൽ ബിൽ കൊടുത്ത് വരാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതെപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രൊവിഷണൽ കാർഡ് സമ്പ്രദായം നിലവിലുള്ള സ്ഥലങ്ങളിൽ ആറുമാസം കൂടുമ്പോൾ മീറ്റർ റീഡിംഗ് എടുത്ത് അനുവദിച്ചിട്ടുള്ള യൂണിറ്റിൽ കൂടുതൽ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അഡീഷണൽ ബിൽ നൽകണമെന്നാണ് വ്യവസ്ഥ.

(ബി) ഇല്ല.

(സി) ബാധകമല്ല.

വൈദ്യുത ബോർഡിന്റെ കനേഡിയൻ കൺസൾട്ടന്റുമാരുടെ ചെലവ്

72 (224) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചില ജോലികൾക്ക് കൺസൾട്ടന്റായി നിയമിച്ചിട്ടുള്ള "എസ്.എൻ.സി. ലാവലിൻ" എന്ന കനേഡിയൻ കമ്പനിയുടെ എത്ര ഉദ്യോഗസ്ഥൻമാർ ഇപ്പോൾ സംസ്ഥാനത്തുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly